April 2010. Issue 4

ബോധിമാഗസിൻ

www.bodhimagazine.com

BODHI MAGAZINE

*A christian online magazine with Malayalam and English section*

# ആവാസ സുസ്ഥിതിയുടെ താളം പിഴയ്ക്കുന്നു

പ്രദിപ് കുളങ്ങര.



**ഇന്നത്തെ രീതിയിൽ നാം മുന്നോട്ട് പോയാൽ മനുഷ്യന്റെ ഈ ഭമിയിലെ ആവാസവ്യവസ്ഥ തകരും. ചിലർ ഈ വ്യവസ്ഥിതിയെ മാറ്റണം എന്നു പറയുന്നു. മറ്റ് ചിലർ വ്യവസ്ഥ മാറ്റുന്നതിനു മുൻമ്പ് പലതും സാധ്യമാണ് എന്നു പറയുന്നു. ചെറുതും വലുതുമായ ഇത്തരം ആശയങ്ങളുടെ ഉന്നം മനുഷ്യബന്ധങ്ങളുടെ മാറ്റം തന്നെയാണ്.**

മനുഷ്യനിലും പ്രകൃതിയിലും വലിയ മാറ്റങ്ങൾ സംഭവിക്കുന്നു. മനുഷ്യൻ സൃഷ്ടിക്കുന്നതും അല്ലാത്തതും എന്നു തരംതിരിക്കാം. സൂര്യന്റെ ജ്വലന വ്യതിയാനത്തിൽ മനുഷ്യന് ഒന്നും ചെയ്യാനില്ല. ഭൂകമ്പങ്ങൾ ഉണ്ടാവാതിരിക്കാൻ മനുഷ്യന് ഒന്നും ചെയ്യാനാവില്ല. സുനാമിയും, അഗ്നിപർവ്വതങ്ങളും, കൊടുങ്കാറ്റും, ഇടിമിന്നലും, ഹിമപാതങ്ങളും എല്ലാം ഉണ്ടാവാതിരിക്കാൻ ഒന്നും ചെയ്യാനാവില്ല. അതുകൊണ്ട് തന്നെ കുമ്പിട്ട് മരിക്കാം എന്നു തീരുമാനിക്കാനാവുമോ. പക്ഷേ, മനുഷ്യൻ ഇതിനു മുന്നിൽ ദുർബ്ബലനാണ്. വലിയ ഭൂവല്കത്തിലുണ്ടാവുന്ന സ്ഥാനമാറ്റങ്ങൾ ഭൂവലയ ബാലൻസിൽ മാറ്റങ്ങളുണ്ടാക്കുകയും അതിന്റെ ആകൃതിയിലും ധ്രുവങ്ങളിലും മാറ്റങ്ങളുണ്ടാക്കാം. എന്നും ശാസ്ത്രലോകം നിരീക്ഷിക്കുന്നു. അങ്ങനെയെങ്കിൽ ഉണ്ടാകാനിടയുള്ള വലിയ ഹിമയുഗപ്രളയത്തെ എങ്ങനെ നാം അതിജീവിക്കും?. നിസ്സഹായതയുടെ ഒരു കൊടും ബോധം നമ്മെ പിടികൂടുന്നുവോ. നാം എത്ര പ്രാർത്ഥിച്ചാലും ഭൂമികുലുക്കം ഉണ്ടാകാതിരിക്കുമോ? പ്രാർത്ഥന മനസ്വസ്ഥത ഉണ്ടാക്കാം പക്ഷേ, വസ്തുതയിൽ മാറ്റം വരുമോ? ഇതിനു പുറമേ മനുഷ്യനുണ്ടാക്കുന്ന പ്രകൃതി വൃതിയാനങ്ങൾകൂടി ഉൾച്ചേരുമ്പോൾ പ്രകൃതിയുടെ പരിവർത്തനവേഗം തീരുമാനിക്കുന്നുണ്ട്. പ്രകൃതി വിഭവങ്ങൾ കുറവായിരിക്കുന്നിടത്ത് നമ്മുടെ ജീവിത രീതിയിൽ മാറ്റം വരുത്തിക്കൊണ്ട് ദൂരയിൽ അറുതി വരുത്തിക്കൊണ്ട് നമുക്കിതിനെ നേരിടാൻ കഴിയും എന്നൊരുപറ്റം ആൾക്കാർ ചിന്തിക്കുന്നു. റോഡുകൾ ടാറ് ചെയ്യേണ്ട എന്നും; വാഹനങ്ങൾ വേണ്ട എന്നും, എല്ലാ വ്യവസ്ഥകളും അടച്ചുപൂട്ടണം എന്നും പറയാനാവില്ല. വീടുകൾ കോൺക്രീറ്റ് ചെയ്യരുത് എന്നു ചിന്തിക്കാനാവില്ല. ചുരുക്കത്തിൽ നാം എത്തിപ്പെട്ട സാമൂഹ്യ പാതയിൽ നിന്നും പിന്നോട്ട് പോകുവാനാവില്ല.

ഒരു കാര്യം നമുക്ക് ബോധ്യപ്പെട്ടിരിക്കുന്നു. ഇന്നത്തെ രീതിയിൽ നാം മുന്നോട്ട് പോയാൽ മനുഷ്യന്റെ ഈ ഭൂമിയിലെ ആവാസവ്യവസ്ഥ തകരും. ചിലർ ഈ വ്യവസ്ഥിതിയെ മാറ്റണം എന്നു പറയുന്നു. മറ്റ് ചിലർ വ്യവസ്ഥ മാറ്റുന്നതിനു മുൻപ് പലതും സാധ്യമാണ് എന്നു പറയുന്നു. ചെറുതും വലുതുമായ ഇത്തരം ആശയങ്ങളുടെ ഉന്നം മനുഷ്യബന്ധങ്ങളുടെ മാറ്റം തന്നെയാണ്. ശാസ്ത്രത്തിന്റെ നേട്ടമോ, തണ്ണിമത്തന്റെ കൃഷിയോ നടത്തുന്നതിനേക്കാൾ ഗഹനമായത് ഇതെല്ലാമുൾക്കാള്ളുന്ന മനുഷ്യബന്ധങ്ങളുടെ മാറ്റം തന്നെയാണ്. വലിയ ധനസമ്പാദനം കൊണ്ട് ഇത്തരം പ്രശ്നങ്ങൾ നേരിടാൻ ധനികർക്കു കഴിഞ്ഞേക്കാം. ശാസ്ത്രനേട്ടങ്ങൾ എത്ര ചിലവേറിയതായാലും അവർക്ക് കരഗതമായേക്കാം.... പക്ഷെ, ലക്ഷക്കണക്കിനു വരുന്ന പച്ച മനുഷ്യൻ അടിപ്പെട്ട് നശിക്കും. അല്ലെങ്കിൽ നശിച്ചു കൊണ്ടിരിക്കുന്നു. മനുഷ്യവ്യക്തികൾ സ്വതേ ദുർബലനായതുകൊണ്ട് തന്നെ വലിയ ബന്ധങ്ങളിലൂടെ മാത്രമേ ഇത്തരം കാര്യങ്ങളിൽ അതിജീവനം സാധ്യമാകൂ. അല്ലെങ്കിൽ അതി ജീവനത്തിന് മനുഷ്യനിൽ ഉണ്ടായി വന്ന ഒന്നാണ് അവന്റെ സാമൂഹികത. മനുഷ്യൻ അവന്റെ സാമൂഹ്യ ബന്ധങ്ങളിലൂടെ പ്രകൃതിയുമായി ബന്ധപ്പെടുന്ന പ്രധാന ഉപകരണമാണ് ഭൂമി. ഭൂമിയുടെ വിനിയോഗം എത്തരത്തിലാണ് എന്നതിനനുസരിച്ച് അതിന്റെ പ്രതിഫലനം സമൂഹത്തിലും പ്രകൃതിയിലും ഉണ്ടാകും. കുറഞ്ഞ സമയം കൊണ്ട് കൂടുതൽ നേട്ടം എന്ന തരത്തിൽ ഒരു മനുഷ്യായുസ്സിന്റെ ഉള്ളിൽ തന്നെ ഭൂമിയെ വിനിയോഗിക്കാൻ ശ്രമിക്കുമ്പോൾ കൂടുതൽ ഊറ്റിയെടുക്കുവാനേ തോന്നൂ. വരും തലമുറയുൾപ്പെടെ മനുഷ്യവംശത്തിനു മുഴുവൻ വേണ്ടതാണ്. നിലനിർത്തേണ്ടതാണ്, വിനിയോഗിക്കേണ്ടതാണ് ഭൂമി എന്നു ചിന്തിക്കുകയാണെങ്കിൽ ഭൂമിയുടെ വിനിയോഗത്തിന്മേൽ വിശാലമായ നീതിബോധം ഉടലെടുക്കും. മനുഷ്യന്റെ ആവാസ വ്യവസ്ഥയ്ക്ക് സഹായകരമാകുന്നത് പച്ചപ്പ് സൃഷ്ടിക്കുന്ന ഭൂമിയുടെ കാർഷിക വിനിയോഗമാണ് എന്ന് പൊതുവിൽ അംഗീകരിക്കേണ്ടിവരും.

അങ്ങനെയാണങ്കിൽ മനുഷ്യന്റെ ഭാവി ഫാക്ടറി തൊഴിലാളികളിലല്ല. കാർഷിക ജനവിഭാഗങ്ങളിലാണ്. കാർഷിക ആവശ്യത്തിനുള്ള ഇന്ത്യയിലെ മുറവിളി ഒരു ‘ജാതിപ്രശ്നം’ മാത്രമല്ല മുഴുവൻ ജനത്തിന്റേയും നിലനിൽപ്പിനാവശ്യമായ അതിജീവനപ്രശ്നം കൂടിയാണ്. വിശാലമായ ലോക തലത്തിൽ പരിഹരിക്കേണ്ട പ്രശ്നം ഒരു ചെറിയ തുരുത്തിൽ ചെറുതുകളിൽ പരിഹരിക്കാനാവില്ല എന്ന് തോന്നിയേക്കാം. കേരളത്തിലെ നീർത്തടപ്രശ്നങ്ങൾ പരിഹരിക്കാൻ ചൈനയിൽ പദ്ധതി നടത്തിയാൽ പോരല്ലോ. അതിനാൽ ഇന്ത്യക്കാരന്, കേരളീയർക്ക് ലോകജനതയോട് ചെയ്യാൻ കഴിയുന്ന മഹത്തായ കാര്യം തന്റെ ഭൂവിനിയോഗം പ്രകൃതിയോടും മനുഷ്യനോടും നീതി പുലർത്തുന്ന വിധത്തിലാക്കുക എന്നതാണ്.

തീർച്ചയായും നമുക്കിതിനെ ഇങ്ങനെകൂടി വായിക്കാം. ഇന്ത്യയിലെ ദളിതർക്ക് ഭൂമി വിതരണം ചെയ്യുന്നത് മുഴുവൻ മാനവസമൂഹത്തോടും നീതി പുലർത്തുവാൻ തക്കവണ്ണം ഭൂമിയുടെ വിനിയോഗം സാന്ദ്രീകരിക്കുക എന്നു കൂടിയാണ്. മറിച്ച് മുഴുവൻ മാനവ വ്യവസ്ഥയും ഈ മണ്ണിൽ ആവാസ സ്ഥിരത ഉണ്ടാക്കുവാൻ കഴിയും വിധം തങ്ങളിതിനെ വികസിപ്പിക്കും എന്ന് തലത്തിൽ ദളിത് മുന്നേറ്റം വരേണ്ടതാണ്. അതാണ് നമുക്ക് നമ്മുടെ മണ്ണിനോടും പ്രകൃതിയോടും മനുഷ്യനോടും ചെയ്യാൻ കഴിയുന്ന അടിയന്തിര നടപടി

എഡിറ്റോറിയൽ



വേർപാടിന്റെ നടുച്ചുവരുകൾക്ക് ഉയരം കൂടി വരുന്നതല്ലാതെ ജനമുന്നേറ്റത്തിനോ ദരിദ്ര ജനവിഭാഗത്തിന്റെ കണ്ണിരൊപ്പാനോ നമ്മുടെ ഈസ്റ്ററിന് കഴിയാതെവരുന്നു.

# ഈസ്റ്റർ ചിന്തകൾ

വ്യക്തി ജീവിതത്തിലും സഭാ ജീവിതത്തിലും നാം ഒഴിഞ്ഞ കല്ലറയായിരിക്കുന്നു. അതിന്റെ മുൻപിലിരുന്നാണ് നമ്മുടെ വചനാഭ്യാസം. രക്തം പുരണ്ട ശീലയുടെ തിരുശേഷിപ്പാണ് ഉയർത്തെഴുന്നേറ്റ യേശുവിനേക്കാൾ നമുക്കിഷ്ടം.

ഏപ്രിൽ ഏറ്റവും ക്രൂരമായ മാസമാകുന്നത് കർത്താവിന്റെ ക്രൂശീകരണവുമായി ബന്ധമുള്ളതുകൊണ്ടാണെന്ന് പലപ്പോഴും തോന്നിപ്പോകുന്നു. പരസ്യശുശ്രൂഷയുടെ അന്ത്യം, മുടന്തനെ സൗഖ്യമാക്കിയതിന്, കുരുടന് കാഴ്ച നല്കിയതിന്, രോഗ പീഢകളെ അകറ്റിയതിന് കിട്ടിയ പ്രതിഫലമാണ് ക്രൂശ്. കഴുതപ്പുറത്ത് കയറി, പുരുഷാരത്തിന്റെ അകമ്പടിയോടെ യെറുശലേമിനെ വിറപ്പിച്ചു കൊണ്ടുള്ള വരവിൽ ഒലിവിലയ്ക്കിടയിലൂടെ തന്റെ മകനെ കാണുന്ന മാതൃഹൃദയത്തിന്റെ തരളിത സ്വപ്നങ്ങൾക്ക് മീതെ ക്രൂശിന്റെ നിഴൽ വീണ് കിടന്നത് അമ്മ മറിയം കണ്ടിരുന്നില്ല. അസംഘടിതരും, വിദ്യാവിഹീനരുമായ ആൾക്കാരുടെ ജനമുന്നേറ്റമായിരുന്ന യേശുവിന്റെ പരസ്യശുശ്രൂഷ. ജനക്കൂട്ടത്തിനിടയിൽ നിലക്കുമ്പോഴും ജനങ്ങളിൽ നിന്നകന്ന് നിൽക്കുക. ഒരർത്ഥത്തിൽ ആൾക്കൂട്ടത്തിൽ തനിയെ ആയിരുന്നു യേശു.

ഇന്നാണെങ്കിൽ യേശുവിന്റെ നാമത്തിൽ നടക്കുന്ന വിവിധ പവർ കോൺഫ്രൻസുകൾ ഈ അർത്ഥത്തിൽ എത്തരത്തിലുള്ള മാറ്റമാണ്. നമ്മുടെയൊക്കെ ജീവിതത്തെ സ്വാധീനിക്കുന്നത്? കൺവൻഷൻ കഴിയുമ്പോൾ പന്തലിന് ചുറ്റും വലിച്ചെറിയപ്പെട്ട പ്ലാസ്റ്റിക് ഗ്ലാസ്സുകൾ പോലെ വചനവും നമ്മുടെ ഹൃദയത്തിന് വെളിയിൽ നിൽക്കുന്നു. വേർപാടിന്റെ നടുച്ചുവരുകൾക്ക് ഉയരം കൂടി വരുന്നതല്ലാതെ ജനമുന്നേറ്റത്തിനോ ദരിദ്ര ജനവിഭാഗത്തിന്റെ കണ്ണിരൊപ്പാനോ നമ്മുടെ ഈസ്റ്ററിന് കഴിയാതെവരുന്നു.

വ്യക്തി ജീവിതത്തിലും സഭാ ജീവിതത്തിലും നാം ഒഴിഞ്ഞ കല്ലറയായിരിക്കുന്നു. അതിന്റെ മുൻപിലിരുന്നാണ് നമ്മുടെ വചനാഭ്യാസം. രക്തം പുരണ്ട ശീലയുടെ തിരുശേഷിപ്പാണ് ഉയർത്തെഴുന്നേറ്റ യേശുവിനേക്കാൾ നമുക്കിഷ്ടം.

നിത്യോപയോഗ സാധനങ്ങളുടെ വിലവർദ്ധനവിൽ ദരിദ്രർ നട്ടം തിരിയുന്നു. പരീശന്മാരുടേയും സദൂക്യരുടേയും പണപ്പെട്ടികൾ കുമിഞ്ഞു കൂടുന്നു. ദരിദ്രർ ചേരികളിലേക്ക് മാറ്റപ്പെടുന്നു. വികസനത്തിന്റെ പേരിൽ ദരിദ്രർ തെരുവിലാക്കപ്പെടുന്നു. വ്യതിരിക്ത ശബ്ദം കേൾക്കാൻ ശ്രമിക്കുന്ന കാതുകളിൽ ഈയം ഉരുക്കിയൊഴിക്കുന്നു. ‘അതിവേഗം മുന്നോട്ട്’ എന്നതാണ് നമ്മുടെ മുദ്രാവാക്യം.

ദുരിതങ്ങളുടെ, ദു:ഖങ്ങളുടെ ആശങ്കകളുടെ, പട്ടിണിയുടെ, അടിച്ചമർത്തലിന്റെ വലിയ കല്ലുകൾ ആരാണ് എടുത്തു മാറ്റുന്നത്? നമ്മുടെയൊക്കെ കൊച്ചുകൊച്ചു സങ്കടങ്ങളിൽ കണ്ണീർവീണ് നനയുമ്പോൾ തുളയ്ക്കപ്പെട്ട കരങ്ങൾ കൊണ്ട് തഴുകുവാൻ നമ്മളിനിയും കാത്തിരിക്കുകയാണോ?

വന്നവഴികളിൽ നിന്ന് വ്യതിചലിക്കാനും അനുഭവത്തിന്റെ പുത്തൻ ഗാഹുൽത്തകൾ കീഴടക്കാനും, ഈ ഈസ്റ്ററിനെങ്കിലും കഴിഞ്ഞെങ്കിൽ......

**ജോസ് പീറ്റർ.**

കഥ

ബിജു.എസ്സ്. തങ്കച്ചൻ.

# വെളുത്ത ചിറകുള്ള പറവകൾ

**കടൽവെള്ളം കൈയ്യിൽകോരിക്കൊണ്ട് അവൻ നിന്നു. ആ തീരത്തൂടെ കടന്നുപോയ പരമ്പരകളെ അവനോർത്തു. താൻ എത്ര ചെറുതാണെന്നവനു ബോധ്യമായി. അവനാകാശത്തെക്കു നോക്കി ദൈവം പുഞ്ചിരിക്കുന്നതുപോലെ.**



രാത്രിയേറെയായിട്ടും ആൽബർട്ടിന്റെ മുറിയിലെ വിളക്കണഞ്ഞിട്ടില്ല. കുറെദിവസമായി താനെഴുതി കൊണ്ടിരിക്കുന്ന ലേഖനത്തിന്റെ മിനുക്കുപണിയിലാണയാൾ. എഴുതാനിരുന്നപ്പോൾ പുറത്ത് മഴ തകർത്ത് പെയ്യുകയായിരുന്നു. ഇപ്പോൾ നേർത്ത് നേർത്ത് തീർന്നെന്നു തോന്നുന്നു. ദൂരെയെവിടുന്നോ ഉയരുന്ന സംഗീതത്തിന്റെ അവ്യക്തമായ അലകൾ ജാലകം കടന്നുവരുന്നു. എഴുത്തു മതിയാക്കി അയാൾ എഴുന്നേറ്റു. ചരടറ്റുപോയ പട്ടംപോലെ ഉറക്കം പിടിതരാതെ കടന്നുപോകയാണ്. ഓർമ്മയുടെ വാതിലിൽ പാതിമുഖം കാട്ടി ചില അവർണ്ണനീയ നിമിഷങ്ങളുടെ സ്മരണകൾ. സ്വപ്നങ്ങൾ വലിയ ചിറകുള്ള വെളുത്ത പറവകളെപ്പോലെ താഴ്ന്നു പറക്കുന്നു. ജനാലകങ്ങളിൽ വെളിച്ചം വിതറിക്കൊണ്ട് നിരത്തിലൂടെ ഒരു വാഹനം കടന്നുപോയി. പറവകൾ ഇല കൊഴിഞ്ഞ മരത്തിന്റെ ശാഖയിൽ പറന്നിറങ്ങുന്നു. എന്തെന്നറിയില്ല, അയാൾ പ്രീഡിഗ്രി ക്ലാസ്സുകളെ കുറിച്ചോർത്തു. അതിന്റെയമ്പരപ്പ് കുളിർമ്മയുള്ള ഒരു നൊമ്പരമായി ശരീരത്തിൽ പടരുന്നു. തെളിഞ്ഞ നിലാകാശമുള്ള പ്രഭാതങ്ങളിൽ പ്രാക്ടിക്കൽ ഹാളിലേക്കു കടന്നുവരുന്ന മുഖങ്ങൾ – രഘു, ഷെറി, വിനീത..... പിന്നെ പേരുകളെവിടയോ വിസ്മൃതിയിൽ കുടുങ്ങിയിരിക്കുന്നു ചില മുഖങ്ങളും.

ഡിസംബറിന്റെ തണുപ്പു നിറഞ്ഞ രാത്രിയിൽ ഹോസ്റ്റൽ മുറികളെ സജീവമാക്കിയ ‘‘പൈമാൻ’’ കൺമുമ്പിൽ നില്ക്കുന്നു. ‘മോണോപ്പോളി’ വിനോദം അവനാണ് പരിചയപ്പെടുത്തിയത്. രാത്രികഴിഞ്ഞ് പ്രഭാതം വിടരുമ്പോഴും കളി അവസാനിക്കാതെ നീണ്ടുപോകും. അവസാനം വാടകക്കാരും ബാങ്കുകാരും കടക്കാരുമെല്ലാം ഒത്തുകൊണ്ട് കളിയവസാനിപ്പിക്കും. ഇതുപോലെ ജീവിതത്തിലും സകല മനുഷ്യരുടേയും കടങ്ങളിളച്ചുകൊടുത്ത് പരസ്പരം പങ്കുവച്ചു പിരിയുന്ന പ്രഭാതം വന്നിരുന്നുവെങ്കിലെന്നവനാശിച്ചു. അതൊക്കെ വെറും സ്വപ്നങ്ങളായി അവശേഷിക്കുന്നതിലവനു പരിഭവം തോന്നിയില്ല. ഹോസ്റ്റലിനു മുമ്പിലെ ചൂളമരക്കൊമ്പിൽ കെട്ടിയ നക്ഷത്രം റൂമിനോട് വളരെ അടുത്താണ് നിൽക്കുന്നത്. പൊടിമഞ്ഞിലൂടെ പ്രകാശ കിരണങ്ങൾ പരന്നൊഴുകുകയാണ്. നക്ഷത്രം കാറ്റത്തുലയുമ്പോൾ മുറിയിൽ വിവിധ ചിത്രങ്ങൾ തെളിയുകയായി. ജനിമൃതികളുടെ പരമ്പര കടന്ന് മുമ്പോട്ട് പായുന്ന കാലചക്രത്തിന്റെ കവിതയവനെക്കൊണ്ടെഴുതിച്ചത് ഈ ചിത്രങ്ങളായിരുന്നു.

വിരസത നിറഞ്ഞ ക്ലാസ്സുകള് കട്ട് ചെയ്ത് ലൈബ്രറിയിൽ സമയം ചിലവിടുന്നയാളോർത്തു. പൊടിപിടിച്ച പുസ്തകത്താളുകളിൽ തന്നെക്കാൾ നന്നായി സ്വപ്നം കാണുന്നവരെ അയാൾ കണ്ടെത്തി. എവിയെക്കെയോ ചില പിരിമുറുക്കങ്ങൾ, അയവുകൾ, തന്റെ ദർശനം ഒരുനൊമ്പരമായി ഉണരുന്നതവനറിഞ്ഞു. അക്ഷരങ്ങളിൽ നിന്നുയരുന്ന ആർദ്രസംഗീതം കേട്ട് അതിൽ ലയിച്ചിരുന്നു.

ആളൊഴിഞ്ഞ കാമ്പസിലൂടെ വൈകുന്നേരം നടക്കുക അവന്റെ പതിവായിരുന്നു. കോളേജ് നിൽക്കുന്ന കുന്നിന്റെ താഴ്വാരം മനോഹരമാണ്. ദൂരെ മലകൾ ആകാശവുമായി അലിഞ്ഞുചേരുന്നത് കൊമേഴ്സ് ഡിപ്പാർട്ട്മെന്റിന് പുറകിലുള്ള സ്റ്റേപ്പിൽ കാണുക പതിവായിരുന്നു. ഒരു ജല കണികയായി അനന്തതയിൽ നിറഞ്ഞു നിൽക്കുന്ന മഞ്ഞിൻകണമായി മാറിയിരുന്നെങ്കിൽ എന്നവനോർത്തു.

ഭാവനകൾ വസന്തകാലത്തു കൂടെ കടന്നു പോകയാണ്. ക്ലാസ്സിൽ ഒന്നിച്ചു പഠിക്കുന്ന പെൺകുട്ടിയോട് സംസാരിക്കുകയാണ്. അവളുടെ കണ്ണുകളിലേക്കവൻ നോക്കി. സാഗരത്തിന്റെ നീലിമയോ, അതോ തന്റെ മഞ്ഞിൻ കണികകളുടെ നീലകലർന്ന വെള്ളയോ? കുറേനേരം നോക്കിയ ശേഷം ദൃഷ്ടി മാറ്റാതവൻ പറഞ്ഞു ‘എനിക്ക് ഇഷ്ടമാണ്.’ അപ്രതീക്ഷിതമായി കേട്ട വാക്കുകൾ അവളെ അമ്പരപ്പിച്ചെന്നു തോന്നുന്നു. താഴെ പ്രാവുകൾ കുറുകുകയും പറന്നകലുകയും ചെയ്തുകൊണ്ടേയിരുന്നു. അക്കാലങ്ങളിൽ സൂര്യന് വേഗതയേറുന്നുവെന്ന ശാസ്ത്രദർശനമവൻപ്രാപിച്ചു. ഏപ്രിൽ വേർപിരിയൽ – തൊണ്ടയിലെവിടെയോ കുരുങ്ങുന്ന വേദനയിലും ചിരിക്കുവാനിതിനോടകം പഠിച്ചു കഴിഞ്ഞു. യാത്ര പറയാതെ പടികളിറങ്ങി ‘ലോർക്കയുടെ ഇല കൊഴിഞ്ഞ മരത്തിന്റെ പാട്ടയാൾ ഓർത്തു. മരം വെട്ടുകാരാ എന്റെ നിഴൽ മുറിച്ചുകളയൂ. ഫല ശൂന്യതയുടെ മഹാപീഢനത്തിൽ നിന്നെന്നെ മോചിപ്പീക്കൂ.!’

ഒരു പ്രഭാതത്തിൽ തന്റെ ഭവനത്തെ ലാക്കാക്കി ഒരു മരപ്പണിക്കാരൻ കടന്നുവരുന്നതവൻ ജാലകത്തിലൂടെ കണ്ടു. തിരക്കേറിയ സമയങ്ങളിൽ വിസ്മരിച്ചുപോയ പല പണികളും ചെയ്തുതീർക്കുവാൻ അയാളാഗ്രഹിച്ചിരിക്കുകയായിരുന്നു. പുതുമയുടെ മണം തന്റെയാത്മാവിലൂടെ കടന്നുപോകുന്നവനറിഞ്ഞു. തന്റെ ദർശനങ്ങൾ അനന്തതയോടൊപ്പം നീങ്ങുന്നതായി അവന് തോന്നി. ക്ലോക്ക് ഒരു വട്ടം ശബ്ദം മുഴക്കി. ആൽബർട്ട് തിരിഞ്ഞു കിടന്നു. കടൽക്കരയിൽ നില്ക്കുകയാണവൻ, ബിരുദവിദ്യാർത്ഥികളുടെ സ്റ്റഡിടൂറിനോടുള്ള ബന്ധത്തിൽ കടന്നുവരുന്നതാണവൻ. കടൽവെള്ളം കൈയ്യിൽകോരിക്കൊണ്ട് അവൻ നിന്നു. ആ തീരത്തൂടെ കടന്നുപോയ പരമ്പരകളെ അവനോർത്തു. താൻ എത്ര ചെറുതാണെന്നവനു ബോധ്യമായി. അവനാകാശത്തെക്കു നോക്കി, ദൈവം പുഞ്ചിരിക്കുന്നതുപോലെ.

രാത്രിയുടെ നിശബ്ദതയിൽ സ്വപ്നങ്ങളും ദർശനങ്ങളും കടന്നുവരികയായി. ജല തരംഗ നാദംപോലെ അവ ആകർഷകങ്ങളായിരുന്നു. ഒലിവിലയുമായി പറക്കുന്ന പ്രാവ് കൂടാരത്തിലേക്ക് പറന്നു കയറുകയായി. സെമിനാരിയിൽ മണി മുഴങ്ങി. വെള്ള വസ്ത്രം ധരിച്ച മാലാഖമാർ ഇക്കാര്യത്തിൽ ദർശനം പരിമിതമാണ്) ഹാളിലേക്ക് പ്രവേശിക്കുകയാണ്. ചിലപ്പോഴൊക്കെ ഇതു കാണുമ്പോൾ കല്യാണ വസ്ത്രം ധരിക്കാതെ പന്തിയിലിരിക്കുന്ന ദളിതന്റെ ലാറ്റിനമേരിക്കയിൽ നിന്നു വന്നതാകാം.




ഒഴിവു സമയങ്ങളിൽ ചിത്രങ്ങൾ വരയ്ക്കുമായിരുന്നു. ഒരിക്കൽ സൂര്യന്റെ ചൂടിൽ മുഖംമൂടികളുരുകുയിറങ്ങിയ കുറെമുഖങ്ങൾ വരച്ചു. ഇതുകണ്ട് ഒരുവൻ ഉത്തരം പ്രതീക്ഷിക്കാത്ത ഒരു ചോദ്യം ചോദിച്ചു. 'ഈ മുഖങ്ങൾക്കൊക്കെ എങ്ങനെ ഈ ഛായ വന്നു'?

ദിനങ്ങൾ കാറ്റിന്റെ രഥത്തിൽ സഞ്ചരിക്കുകയാണ്. ആൽബർട്ടിന്റെ ദർശനങ്ങൾ ശക്തിയോടുണരുവാൻ തുടങ്ങി. അണക്കെട്ടിലെ ജലംപോലെ ശക്തിയേറിവരുകയാണ്. നിശബ്ദ നിമിഷങ്ങൾ - ദൈവ സാന്നിധ്യത്തിന്റെ പുതിയൊരു ജന്മം ഉടലെടുക്കുകയാണ്. അയ്യായിരം പുരുഷാരത്തോടൊപ്പമിരുന്നു. അത്ഭുതങ്ങൾ കണ്ടമ്പരന്നു. തോണിയിൽ നിന്നുവീഴുന്ന തന്നെ താങ്ങുന്ന കരത്തിന്റെ ബലമറിഞ്ഞു. അപ്പം ആകാശത്തെക്കുയർത്തി നിൽക്കുന്ന ഗുരുവിന്റെ ചിത്രമൊരു സാക്രമെന്തായ് രൂപപ്പെട്ടു. ഒരിക്കലയാളൊരുസ്വപ്നം കണ്ടു. അതിൽ താനും സമൂഹവും ഈ പ്രപഞ്ചമൊന്നാകെ ഒരു അപ്പക്കഷണമായ് ഉന്നതികളിലേക്ക് പോകുന്നതവൻ കണ്ടു. അത് അനന്തതയിൽ ലയിക്കുന്നതായി അവനു തോന്നി.

രാത്രിയുടെ ഏതോ യാമത്തിൽ ആൽബർട്ട് ഉറങ്ങി. ദർശനങ്ങൾ അഗ്നിചിറകുകളിന്മേൽ പറക്കുകയാണ്.

സന്ധ്യയായ് ഉഷസുമായ് എട്ടാം ദിവസം. ഇന്നയാൾ പെട്ടികളൊക്കെ തയ്യാറാക്കുകയാണ്. തന്നോടൊപ്പം വന്നവർ ദർശനം എന്നു രേഖപ്പെടുത്തിയ വലിയ പെട്ടികളുമായ് പടികളിറങ്ങുന്നതവൻ നോക്കിനിന്നു. നീരോട്ടമുള്ള പ്രദേശങ്ങൾ ലാക്കാക്കി കുതിക്കുന്ന ചിലരുടെ ദർശനത്തിന് സ്വർണചിറകുകളാണ്. സൂര്യന്റെ കാഠിന്യം അധികരിക്കുന്നതിനുമുമ്പേ അയാൾ റോഡിലേക്കിറങ്ങി. സങ്കേതത്തിലെത്താൻ കുറെ വൈകി. അന്നു കിടക്കുന്നതിനുമുമ്പ് അയാൾ ഏബ്രാഹാം പിതാവിനെയോർത്ത് പ്രകൃതിയോട് പടവെട്ടി. പ്രതികൂലങ്ങളിൽ പതറാതെ ഉയരത്തിലെ ദർശനത്തിനും വിളിക്കും അമിത പ്രാധാന്യം കൊടുത്ത പിതാവിന്റെ കണ്ണിലെ തിളക്കം തന്റെ മുന്നിൽ പ്രകാശമായുദിക്കുന്നതയാളറിഞ്ഞു.

അയാളൊരു മരംനട്ടു. ചിലർ പറഞ്ഞു അവന് ദൈവിക ദർശനം തീരെയില്ല. പിന്നീട് അതിന്റെ തണലിൽ വിശ്രമിക്കുന്നവരുടെ കൂട്ടത്തിൽ വിമർശിച്ചവരുടെ കൂസലില്ലാത്ത മുഖം കണ്ടമ്പരന്നു. പിന്നെ താനെന്തിനമ്പരന്നതോർത്താദിവസം തള്ളിനീക്കി. കൈയ്യില്ലാത്തവനും കാലില്ലാത്തവനും ഒക്കെ താനൊരവയവമായ് മാറി. തന്റെ ഗ്രാമത്തിലേക്ക് ദൈവരാജ്യം കടന്നുവരുന്നത് അവൻ അറിഞ്ഞു. ഒട്ടിയവയറും പ്രതീക്ഷയുടെ കണ്ണുമായ് കടന്നുവരുന്നവരെ അവൻപന്തിയായിരുത്തി. അപ്പം ആകാശത്തേക്കുയർത്തി. പങ്കിട്ടു. ആ കൂട്ടായ്മയിൽ ദൈവവും കടന്നു വന്നെന്ന വസ്തുത അയാളേറെ സന്തോഷിപ്പിച്ചു.




രാജു ആനിക്കാട്

# വായിച്ചു വളരുക



വായിച്ചു വളരുക എന്നൊരു പ്രശസ്തമായ ചൊല്ലുണ്ട്. അത് ഏതൊരാൾക്കും ബാധകമാണ്. ദൃശ്യ ശ്രാവ്യ മാധ്യമങ്ങളുടെ വരവിൽ വരമൊഴി മാധ്യമക്കാർക്ക് അല്പം ആശങ്കയുണ്ടായിരുന്നെങ്കിലും വായനയ്ക്ക് ഇന്നും അതിന്റെ പ്രധാന്യമുണ്ട്. വായനയിൽ വിവരങ്ങൾ അറിയുന്നു എന്നതു മാത്രമല്ല, സാഹിത്യാത്മകതയുടെ ആസ്വാദനം കൂടെ നടക്കുന്നുണ്ട്. അതുകൊണ്ട് ദൃശ്യമാധ്യമങ്ങൾ ഏത് അത്യന്താധൂനീക മേഖല കണ്ടെത്തിയാലും മുദ്രിത മാധ്യമത്തിനു അതിന്റെ പ്രാധാന്യം ഉണ്ടായിരിക്കും.

പറഞ്ഞു വന്നത് വായനയെക്കുറിച്ചാണ്. വേദപുസ്തകം ഒഴികെ ഒന്നും വായിക്കാത്തവരും വായിക്കുന്നതു പാപമാണെന്നു കരുതുന്ന പാവങ്ങളും ഇപ്പോഴും പെന്തക്കോസ്തിലുണ്ട്. വേദപുസ്തകം കണി കണ്ടെണീക്കുന്ന ഇവർ പ്രസംഗിക്കുന്നവരും പ്രവചിക്കുന്നവരുമാണ്. സ്വന്തം വെളിപ്പാടനുസരിച്ച് എഴുന്നള്ളിക്കുന്ന വിവരക്കേടു കേട്ടാൽ മരിച്ചവനും ചിരിച്ചുപോകും.

മറ്റുള്ളവരുടെ അഭിപ്രായം കേൾക്കുക, ശ്രദ്ധിക്കുക, പഠിക്കുക എന്നിവയൊക്കെ ഇവരെ സംബന്ധിച്ച് ഒരു ദുരഭിമാനത്തിന്റെ പ്രശ്നമാണ്. പക്ഷേ മറ്റുള്ളവരിൽ നിന്നും പഠിക്കുക എന്നത് ഒരു മാന്യതയുടെ ലക്ഷണമാണ്. അത് ഇക്കൂട്ടർക്ക് മനസിലാകുന്നില്ല.

നാം ജീവിക്കുന്നത് ആദാമിന്റെ കാലത്തല്ലെന്ന് ഓർക്കണം. അതുകൊണ്ട് ദയവായി ഒരു ചെറിയ കൂട്ടത്തെയാണെങ്കിലും നയിക്കുന്നവർ സമൂഹത്തിന്റെ മുമ്പിൽ നായകന്മാരാണ്. അവർ ഇതുപോലെ വിവരക്കേടു പറഞ്ഞാൽ ജനം സഹിക്കില്ല.

ഇനി വേദപുസ്തകം മാത്രമേ വായിക്കു എന്ന് ശഠിക്കുന്നവർ അതെങ്കിലും വായിച്ചിരുന്നെങ്കിൽ ഇമ്മാതിരി ദോഷം ചെയ്യുകയില്ല. വസ്തുത ഇതൊന്നുമല്ല ചിലർ ബൈബിൾ സ്കൂളിൽ പഠിച്ചപ്പോൾ വായിച്ചതാണ് അതിൽപിന്നെ ഈ പുസ്തകം ക്രമമായി ഒന്നു കണ്ടിട്ടില്ല. എന്തിന് ക്രമമായി വായിക്കുന്നതു പോലും ആത്മികനു ചേർന്നതല്ലെന്നു ചിന്തിച്ചാൽ പിന്നെന്തു ചെയ്യും.

ഏറ്റവും കുറഞ്ഞത് വേദപുസ്തകമെങ്കിലും ക്രമമമായി വായിച്ചാൽ ഒരുപാടു വളരും സംശയം വേണ്ട. പക്ഷേ അത് പോലുമില്ലാത്തവർ എങ്ങനെ വളരും. ഇവർ വളരുകയില്ല, വളയുകയാണ്.

പൗലോസ് തന്റെ ശിഷ്യനോടു പറഞ്ഞ കാര്യത്തിൽ പ്രധാനമായതാണ് വായന. പൗലോസ് പറഞ്ഞതാണെങ്കിലും കരുതി വായനയ്ക്കായി വായ് തുറക്കാം.

**OM -ന്റെ ലോഗോസ് സുവിശേഷകപ്പലിലൂടെ നിരവധി രാജ്യങ്ങളിൽ വചനസന്ദേശ വാഹിയാവുകയും, ഉത്തരേന്ത്യൻ സംസ്ക്കാരത്തിൽ സുവിശേഷകനായും ജയപ്പൂർ അഗാഫെലോഷിപ്പിന്റെ (AIM) സ്ഥാപകനും, സീനിയർ പാസ്റ്ററുമായ പീറ്റർ കുരുവിളയുടെ ജീവിതാനുഭവങ്ങളുടെ രണ്ടാം ലക്കത്തിന്റെ തുടർച്ച.**



ജീവചരിത്രം

# ഓർമ്മകൾ മേയുന്ന ബാല്യകാലം

റവ. പീറ്റർ കുരുവിള.

ഓർമ്മകൾ ചിറകുവെച്ച് ഭൂതകാലത്തേക്ക് പറക്കുമ്പോൾ, ഓർക്കുവാൻ ഇഷ്ടപ്പെടാത്തതും കൂടി ചികഞ്ഞെടുക്കുവാൻ കഴിയും - സ്മരണകൾക്ക്. പീറ്റർ കുരുവിളയുടെ (കുഞ്ഞുമോൻ) ബാല്യകാല സ്മരണകളിൽ കരയിപ്പിക്കുന്ന രാത്രികളുടെ ഓർമ്മകൾ ബാക്കി നിൽക്കുന്നുണ്ട്.

ഉലഹന്നാന്റെ മാനസാന്തരത്തിന് മുമ്പുള്ള കാലം, മനശല്യങ്ങളുടെ കൂരമ്പേറ്റുറങ്ങുന്ന രാത്രികളായിരുന്നു. കുടിച്ച് ലക്കുകെട്ടുവരുന്ന അപ്പച്ചൻ അമ്മയെ തല്ലുമ്പോൾ ഉള്ളിൽ വെറുപ്പിന്റെ നുര ഉയരും. അനിശ്ചിതത്വം ആ വീട്ടിലെ അന്തരീക്ഷത്തിൽ കട്ടപിടിച്ചു കിടന്നു.

എന്നിട്ടും, നിർബന്ധിച്ച് അപ്പച്ചൻ പള്ളിയിൽകൊണ്ടുപോയി. അല്ലെങ്കിൽ അപ്പച്ചന്റെ തനി സ്വഭാവം കാണും. അതുതന്നെ കാര്യം. പീറ്ററിന്, അന്ന് എട്ടോ - ഒൻപതോ വയസ്സേ ഉണ്ടായിരുന്നുള്ളൂ, എന്നിട്ടും ആ മനസ്സിൽ രോഷവും സങ്കടവും ഒരു ബോൺ സായിച്ചെടി പോലെ മുരടിച്ച് വളർന്നു.

അപ്പച്ചന്റെ മദ്യപാനത്തിനും മുഷ്ക്കുള്ള ജീവിതത്തിനും ഇടയിൽ വീണു കിടക്കുന്ന പള്ളി ഭക്തിയിൽ പതിയിരിക്കുന്ന കപടം ആ കൊച്ചു മനസസിൽ ദർശനങ്ങളുടെ ദു:സൂചനകൊത്തിവെച്ചു.

പള്ളി...... ആചാരാനുഷ്ഠാനങ്ങൾ .........ഒരേ ചൊല്ലുകൾ ........ഒരേ വാഴ്ത്തലുകൾ ..........ഒരേ കുമ്പിടീലുകൾ എല്ലാം യാന്ത്രികം .......... അതിലുപരി മതമയം.......

ഒരു ബാലനെങ്കിലും പീറ്റർ കുരുവിളയുടെ ബോധതലങ്ങളിൽ ചിന്തകൾ തളിർത്ത് വളർന്നു. പള്ളിമതം, മനസ്സിന്റെ പച്ചപ്പിൽ നിർവ്വികാരതയുടെ ഇലപൊഴിച്ചുകൊണ്ടിരുന്നു. ഈ നിർവികാരതക്ക് ദാർശനിക മുഖച്ഛായ സൃഷ്ടിക്കാൻ സഹായകമായ മറ്റൊരു സംഭവം.

കുഞ്ഞ് കുഞ്ഞ് പറഞ്ഞു.

എടാ ഭാവിയെപ്പറ്റി നീ ചിന്തിച്ചിട്ടുണ്ടോ

ഇല്ലേ!

ഞാൻ ഭാവിയിൽ ഒരു ശാസ്ത്രജ്ഞനും നീയൊരു ഉപദേശിയും ആകും, കണ്ടോ! വിശ്വാസത്തിൽ വരുന്നതിന് വളരെക്കാലം മുമ്പാണ് കുഞ്ഞ്കുഞ്ഞ് ഇത് പറയുന്നത്. എന്നോ നടക്കുവാനുള്ള വഴിത്താരയിലെ ജീവിത ബിംബങ്ങൾ മുൻകൂട്ടിപ്പറയുവാനുള്ള കഴിവ് ആ നാവിൽ ദൈവം അല്ലാതെ ആരു നൽകി? കാലത്തിന്റെ കല്പടവുകളിൽ ഇതു സംഭവിച്ചുവെന്ന് കൊത്തിവെച്ചിരിക്കുന്നു. കുഞ്ഞ്കുഞ്ഞ് (P.C. John) എം എസി പാസായ ശേഷം അമേരിക്കയിൽ IBM -ന്റെ (New york) ഉയർന്ന ഉദ്യോഗസ്ഥനായി, പീററർ ദൈവപ്രഘോഷകനും.

ഓർമ്മകളുടെ നിറമുള്ള ഇതളുകൾ വിടർത്തുമ്പോൾ മറ്റൊരു സംഭവംകൂടി പീറ്ററിന് പറയാനുണ്ട്.

ഉപ്പുതറ സെൻഫിലോമിന സ്കൂളിൽ പത്താം ക്ലാസ്സ് പരീക്ഷ കഴിഞ്ഞ് പോരുമ്പോൾ ജോസഫ് എന്ന സ്നേഹിതൻ പിന്നിൽ നിന്നും വിളിച്ചു. ഒന്നാം തരം മുതൽ പത്താംതരം വരെ ഒരുമിച്ചിരുന്ന് പഠിച്ച ജോസഫ് വികാരഭരിതനായി.

എടാ, ഇനി നമ്മൾ കാണില്ല. ഞാൻ എസ്. ബി. കോളജിൽ പഠിക്കാൻ പോകും. പക്ഷെ, ഞാൻ നിനക്കൊരു ഗിഫ്റ്റ് തരാം.

വർണ്ണത്താളിൽ പൊതിഞ്ഞ വേദപുസ്തകത്തിന്റെ പുതിയ നിയമം ആയിരുന്നു ആസമ്മാനം.

ഞാനിത് വാങ്ങില്ല ജോസഫ്. മതപരമായ പുസ്തകങ്ങൾ ഞാൻ വായിക്കില്ല. ജോസഫ് വീണ്ടും നിർബന്ധിക്കുന്നു.

നീ, വായിക്കണ്ടാ, എന്റെ ഓർമ്മയ്ക്കായ് ഇത് സൂക്ഷിച്ചാൽ മതി.

അവസാനം ആ പുസ്തരം മേടിച്ച് വീട്ടിലെ ഷെൽഫിൽ കൊണ്ട് ഭദ്രമായി വെച്ചു. ആ പുസ്തകത്താളുകളിൽ പീറ്ററിന്റെ വിരൽ തൊട്ടിരുന്നില്ല, അപ്പൻ ഉലഹന്നാൻ മാനസാന്തരപ്പെടുന്നതുവരെ. സ്നേഹിതൻ സമ്മാനിച്ച പുതിയ നിയമം പീറ്റർ തുറന്നത് അപ്പച്ചൻ രക്ഷിക്കപ്പെട്ട സമയത്താണ്. മിഴികൾ പതിഞ്ഞ വചനം ഇതായിരുന്നു.

'ഒരുവൻ ക്രിസ്തുവിലായാൽ അവൻ പുതിയ സൃഷ്ടിയാകുന്നു; പഴയതു കഴിഞ്ഞു പോയി, ഇതാ, അതു പുതുതായിതീർന്നിരിക്കുന്നു'. (കൊരി. 5: 17)

ഇതായിരിക്കണം അപ്പച്ചനിൽ മാറ്റമുണ്ടാക്കിയ വചനം. ആ യുവാവിന്റെ മനസ്സ് തളിരണിഞ്ഞു. ഈ വചന ശക്തിയാവണം, അൻപത്തിയഞ്ചോളം വയസ് മാറ്റമില്ലാതിരിക്കുന്ന അപ്പച്ചനെ സൗമ്യനാക്കി മാറ്റിയത്! മതങ്ങളിലും പള്ളികളിലുമിരിക്കുന്ന ദൈവമല്ലിത്. ജീവിതത്തിൽ പരിവർത്തനം വരുത്തുവാൻ കഴിവുള്ള ദൈവം ........

ജീവനുള്ള ദൈവം ........

അന്നാദ്യമായി പീറ്റർ ഹൃദയദേവാലയത്തിന്റെ വാതിലുകൾ മലർക്കെ തുറന്നിട്ടു. എഴുതിവെച്ച് പ്രാർത്ഥനകൾ ഉരുവിട്ട് മാത്രം ശീലിച്ച ആ യുവാവ് ഹൃദയപൂർവ്വം പ്രാർത്ഥിച്ചു;

ദൈവമേ, നീയാരാണെന്ന് എനിക്കറിയില്ല. അവിടുന്ന് വാസ്തവമായി എന്റെ പിതാവിന്റെ ജീവിതത്തിൽ മാറ്റമുണ്ടാക്കിയ ദൈവമാണെങ്കിൽ, എന്നെയും എന്റെ ജീവിതത്തെയും മാറ്റണം. എന്നെ സത്യത്തിലേക്ക് നയിക്കണം.

ദൈവമുമ്പിൽ പ്രാർത്ഥിച്ചു കഴിഞ്ഞ ആ ദിവസം വൈകിട്ട് ജേഷ്ഠന്റെ മുറിയിൽകയറി യാന്ത്രികമായി പണപ്പെട്ടിയിൽ പൈസായെടുക്കുവാൻ കൈനീട്ടി. പക്ഷെ, ഒന്നു സംഭവിച്ചു. ആരോ കൈപിടിച്ച് പുറകിലേക്ക് വലിക്കും പോലെ ! പക്ഷെ, പിന്നിലാരും ഇല്ല. പെട്ടെന്ന് മനസ്സിൽ കുത്തുകൊണ്ടു. ദൈവസന്നിധാനം അണഞ്ഞ് പ്രാർത്ഥിച്ചതാണ്, രാവിലെ കുറ്റബോധം പത്തിവിടർത്തി കരളിൽ കൊത്തും പോലെ, പീറ്റർ മുറിക്ക് പുറത്തു കടന്നു, ഏകാന്തതയിൽ മുട്ടിന്മേൽ നിന്ന് പാപങ്ങൾ ഏറ്റു പറഞ്ഞു.

കുരിശിലെ മരണത്താൽ തനിക്ക് നിത്യജീവൻ ദാനം നൽകിയ യേശുവിന് ജീവിതം കൊടുത്ത ദിനം പീററർ തന്റെ നോട്ട് ബുക്കിൽ കുറിച്ചു. ഏപ്രിൽ 12, 1962 തുടർന്ന് മാർച്ച് മാസം 15-ാം തീയതി പെരിയാറ്റിൽ സ്നാനം സ്വീകരിച്ചു.

ദൈവിക കരുതലും തിരഞ്ഞെടുപ്പും തിരിച്ചറിയുന്നത് ഓരോ ജീവിതത്തിലും നിറവും നിർവൃതിയും സൃഷ്ടിക്കാറുണ്ട്. യേശുവിലേക്കാനയിക്കപ്പെട്ട കാലത്ത് പീറ്ററിനും അത്തരം ഒരനുഭവം ഉണ്ടായി. ഒരിക്കൽ അനുജൻ തങ്കച്ചനോടൊപ്പം (റവ. മാത്യു, കുരുവിള, ഓസ്ട്രേലിയ) പറമ്പിൽ പശുവിനെ മേയിക്കാൻ പോയി. പുല്ലും മരവും ഇടതൂർന്നു നിൽക്കുന്ന കുന്നിൻ ചരിവുകളിലൂടെ അവർ ദൂരത്തേക്ക് നടന്നു നീങ്ങി. മാനമിരുണ്ടതും കാറ്റാഞ്ഞു വീശിയതും പെട്ടെന്നായിരുന്നു. ചാറ്റമഴയിൽ നനഞ്ഞ് അവർ പശുവിനെയുംകൊണ്ട് തിരിഞ്ഞോടി. മഴയുടെ കനം കൂടുമ്പോൾ അവർ പശുവിനെ മറന്ന് മുന്നോട്ട് കുതിച്ചു. കൈവരി കെട്ടിയിട്ടാല്ലാത്ത ഒരു കിണറ്റിലേക്കാണ് ആ കുതിപ്പിൽ പീറ്റർ ചെന്നു വീണത്.

എന്തു ചെയ്യണമെന്നറിയാതെ അനുജൻ തങ്കച്ചൻ കിണറ്ററുകിൽ നിന്ന് നിലവിളിച്ചു. മഴയിൽ കുതിർന്നു പോയ ശബ്ദം ആരും കേട്ടതുമില്ല. നല്ല വെള്ളമുണ്ടായിരുന്ന കിണറ്റിൽ ഒരു പോറൽ പോലും ഏൽക്കാതെ പീറ്റർ പൊങ്ങിക്കിടന്നു. ആരോ കൈകളിൽ പൊക്കിപ്പിടിച്ചിരിക്കുന്നതായേ തോന്നിയുള്ളൂ. നിർന്നിമേഷനായി ജലപ്പരപ്പിൽ കിടക്കുമ്പോൾ മേഘങ്ങളുടെ വിരിവുകളിൽ ഒരു മുഴക്കം പോലെ തോന്നി. അത് തന്റെ കാതുകളിൽ ശാന്തശബ്ദമായി പ്രവഹിച്ചു. ലോകസ്ഥാപനത്തിന് മുമ്പ് തന്നെ നിന്നെ തിരഞ്ഞെടുത്തിരിക്കുന്നു എന്ന മൃദുലമായ ശബ്ദം ചിന്തയിൽ അലയടിച്ചു നിന്നു.

ജീവിതസാനുവിൽ, ദൈവവേലയിൽ നിറഞ്ഞു നിൽക്കേണ്ട രാത്രിയുടെ കാവൽക്കാരനെ തേടിയെത്തുന്ന ദൈവശബ്ദത്തിന്റെ കുഞ്ഞലകൾ ആ കാതുകളിൽ പലപ്പോഴും വന്ന് പതിച്ചുകൊണ്ടിരുന്നു.

തുടരും

# എല്ലാം നന്മയ്ക്കായി.

**സജി വർഗ്ഗീസ് മണിയാർ.**



ഒരു വ്യാഴവട്ടത്തിനപ്പുറത്ത്, എന്റെ ഒരു സ്നേഹിതൻ അസിസ്റ്റന്റ് പാസ്റ്റർ ആയിരുന്ന സഭയിൽ ഒരു പ്രശ്നം ഉണ്ടായി. കേന്ദ്ര കമ്മിറ്റിയിൽ അംഗം കൂടി ആയിരുന്ന വലിയ പാസ്റ്റർ മേപ്പടി സഭയിൽ നിന്നും മാറാൻ ആഗ്രഹിച്ചപ്പോൾ കൊച്ചുപാസ്റ്റർ ആയിരുന്ന എന്റെ സ്നേഹിതനെ, അവരുടെ മുഖ്യ പാസ്റ്റർ ആയി വേണം എന്ന് സഭക്കാർ ആവശ്യപ്പെട്ടു. എന്നാൽ അന്ന് അവിവാഹിതനായിരുന്ന ഈ സഹോദരനെ സഭയുടെ ശുശ്രൂഷകനാക്കാൻ താല്പര്യം ഇല്ലാതിരുന്ന വലിയ പാസ്റ്റർ, സഭയിലെ തന്നെ ഒരു ന്യൂനപക്ഷത്തെ വശത്താക്കി തനിക്കെതിരെ തിരിച്ചു. മാത്രമല്ല വലിയ പാസ്റ്റർ, കേന്ദ്രകമ്മിറ്റിയിൽ സ്വാധീനം ചെലുത്തി അസിസ്റ്റന്റ് പാസ്റ്ററെ ദൂരെയുള്ള ഒരു ചെറിയ സഭയിലേക്ക് സ്ഥലം മാറ്റുകയും ചെയ്തു.

അന്നൊരിക്കൽ ഞാൻ എന്റെ സ്നേഹിതനോട് പറഞ്ഞു പണിഷ്മെന്റ് ട്രാൻസ്ഫർ ആണെങ്കിലും വിഷമിക്കേണ്ട ദൈവം നമുക്കായിട്ടുമാത്രമേ എന്തെങ്കിലും ചെയ്യൂ. ആ അശ്വസിപ്പിക്കൽ സുഹൃത്തിന് അത്ര പിടിപ്പിച്ചില്ല. കാരണം തനിക്ക് കിട്ടിയ സഭയിൽ സാമ്പത്തീക പരാധീനത മാത്രമല്ല. മാനസീക രോഗം ബാധിച്ച ഒരു വ്യക്തിയും ഉണ്ടായിരുന്നു. മുൻകാലങ്ങളിൽ ആ സഭയിൽ ശുശ്രൂഷകന്മാർ ആയിരുന്നവരെല്ലാം വല്ലാതെ കഷ്ടം അനുഭവിച്ചിട്ടുണ്ട്.

എന്നാൽ നാളുകൾ കഴിഞ്ഞപ്പോൾ അദ്ദേഹത്തിന്റെ ശുശ്രൂഷയിലൂടെ സഭയിൽ വലിയ വ്യത്യാസം ഉണ്ടായി. ധാരാളം ആളുകൾ സഭയിലേക്ക് ചേർക്കപ്പെട്ടു. ഇന്നിപ്പോൾ ആ സഭയിൽ നിന്നും ഒന്ന് മാറാൻ താൻ ആഗ്രഹിച്ചാൽ പോലും വിശ്വാസികൾ സമ്മതിക്കില്ല എന്ന നിലയിൽ ആയിരിക്കുന്നു കാര്യങ്ങൾ. ഇടയ്ക്ക് ഉപരി പഠനത്തിനായി കേരളത്തിന് വെളിയിൽ ഒരു സെമിനാരിയിൽ പ്രവേശനം ലഭിച്ചിട്ടും വിശ്വാസികൾ വിട്ടില്ല.

ഇത്തരത്തിൽ അധികാരികളുടെ ധാർഷ്ട്യത്തിനു മുമ്പിൽ ബലിയാട് ആയിട്ടുള്ളവരെ നാം നിത്യജീവിതത്തിൽ കണ്ടുമുട്ടാറുണ്ട്. ഒരു പക്ഷേ നമുക്കും ഇത്തരം അനുഭവങ്ങൾ ഉണ്ടായിരിക്കാം. ഔദ്യോഗിക ജീവിതത്തിലും, അദ്ധ്യാത്മീക മണ്ഢലങ്ങളിലും ഒക്കെ. എന്നാൽ ദൈവത്തെ സ്നേഹിക്കുന്നവർക്ക് ഇത്തരം പകപോക്കലുകൾ അനുഗ്രഹത്തിന്റെ തുറക്കപ്പെട്ട വിശാല വ്യതിയാനങ്ങളായിത്തീരാറുണ്ട്

വേദ പുസ്തക കഥാപാത്രമായ ലേയ ഇതിന് ഉത്തമ ഉദാഹരണമാണ്. ആണ്. (ഉല്പത്തി 29: 20-30) ഇരുളിന്റെ മറവിൽ അനുജത്തിക്ക് പകരക്കാരി ആകേണ്ടിവന്നവൾ. അപ്പനായ ലാബാൻ യാക്കോബുമായി ചെയ്ത ഉടമ്പടിയുടെ ഭാഗമായി യാക്കോബിന്റെ മാനവശേഷി ഉപയുക്തമാക്കാൻ മൂത്തമകൾ ലേയയെ ഉപയോഗിക്കുന്നു.

എടുത്തുപറയത്തക്ക ഗുണങ്ങൾ ഒന്നും ഇല്ലാത്തവൾ. മറ്റുള്ളവരുടെ ശ്രദ്ധപിടിച്ചു പറ്റാൻ തക്ക കഴിവുകൾ ഇല്ലാത്തവൾ. സഹോദരിയായ റാഹേലിനുള്ളതു പോലെ വശ്യമായ കണ്ണുകൾ അവൾക്കില്ല. സ്വന്തമായി അഭിപ്രായം ഇല്ലാത്തവൾ. ഉണ്ടായിരുന്നെങ്കിൽ അപ്പന്റെ തീരുമാനത്തെ അവൾ എതിർത്തേക്കാൻ ഇടയുണ്ടായിരുന്നു.

റാഹേലിന്റെ കണ്ണുകളിലെ തിരയിളക്കം സ്വന്തമാക്കാനുള്ള കാത്തിരുപ്പിന് ദൈർഘ്യം ഏറിയപ്പോൾ യാക്കോബിന്റെ കണ്ണുകളിൽ ലേയ അനിഷ്ടയായിക്കൊണ്ടേയിരുന്നു. സ്ഥാപിത താല്പര്യത്തിന് നൽകേണ്ടിവന്ന നിരപരാധിത്വത്തിന്റെ വില.

അവൾ എല്ലാം സഹിക്കുക ആയിരുന്നു. എല്ലാം ദൈവീക നിയോഗം എന്ന് സമാശ്വസിച്ചു. പരിഭവം തെല്ലും പ്രകടിപ്പിക്കാതെ മനസ്സിന്റെ തേങ്ങലുകൾ മുഖത്തു പ്രകടമാകാതിരിക്കാൻ വല്ലാതെ കഷ്ടപ്പെട്ടു. ഗർഭത്തിന്റെ ക്ഷീണം വകവയ്ക്കാതെ, ഓരോ കുട്ടിക്ക് ജന്മം നല്കുമ്പോഴും മനസ്സിന്റെ മൺചെരാതിൽ അണയാതെ സൂക്ഷിച്ച ഒരു തിരിനാളം ഉണ്ടായിരുന്നു. ഭർത്താവിന്റെ സ്നേഹം, പറ്റിച്ചേരൽ, കൂടെയുള്ള വാസം ഇതൊക്കെ ഒരു ഭാര്യ എന്ന നിലയിൽ അവൾ ആഗ്രഹിച്ചു (ഉല്പത്തി. 29: 32-35).

പക്ഷെ സ്വപ്നങ്ങൾ സ്വപ്നങ്ങളായിത്തന്നെ അവശേഷിച്ചു. ചില

പ്പോൾ ജീവിതം അങ്ങനെയാണ്. സ്വപ്നങ്ങൾ ഒക്കെ ഇടയ്ക്ക് വച്ച് മുറിഞ്ഞു പോകുന്ന ഒരു ഉറക്കം പോലെ.

പ്രതീക്ഷകൾ ഒക്കെ അസ്ഥാനത്ത് ആകുമ്പോഴും ദൈവത്തെ സ്തുതിക്കുന്നത് നിർവിഘ്നം തുടർന്നു എന്നതാണ് ലേയയുടെ ജീവിതത്തെ വ്യതിരിക്തമാകുന്നത്. ഒടുവിലത്തെ മകനെ പ്രസവിച്ചപ്പോൾ ഞാൻ യഹോവയെ സ്തുതിക്കും എന്ന് പറഞ്ഞ് അവന് യഹൂദാ എന്ന് പേരിട്ടു.

ലാഭ നഷ്ട കണക്കുകളുടെ കൂട്ടി കിഴിക്കലിന് മുമ്പിൽ ബലിയാട് ആകേണ്ടി വന്ന ലേയ യാക്കോബിനെ ചതിക്കാനുള്ള ലാബാന്റെ ഗൂഢലോചനയിൽ കരുവാകേണ്ടിവന്നവൾ. പക്ഷെ അണയാൻ വെമ്പുന്ന തിരിനാളം ആളികത്താൻ കരുത്തു പകരുന്ന ദൈവം, യിസ്രായേലിന്റെ പുരോഹിതഗോത്രത്തലവനായ ലേവിക്ക് ജന്മം നൽകാനായി തിരഞ്ഞെടുത്തത് ലേയയെ ആയിരുന്നു. സർവ്വ സൃഷ്ടികളുടെയും വീണ്ടെടുപ്പുകാരനും, രക്ഷകനുമായ യേശുക്രിസ്തു ജഡാവതാരം ചെയ്തത് ലേയയുടെ മറ്റൊരു മകനായ യഹൂദായുടെ ഗോത്രത്തിലാണ്. തീർന്നില്ല, ദൈവീക അനുഗ്രഹങ്ങളുടെ പട്ടിക. സുന്ദരിയും, സുനേത്രിയും, യാക്കോബിന്റെ പ്രിയ പത്നിയുമായിരുന്ന റാഹേൽ മരിച്ചപ്പോൾ വഴിയോരത്ത് സംസ്കരിക്കേണ്ടിവന്നെന്ന് ബൈബിൾ പഠിപ്പിക്കുന്നു. എന്നാൽ ലേയക്ക് ലഭിച്ച വിശ്രമസ്ഥലം, വിശ്വാസികളുടെ പിതാവായ അബ്രഹാമിന്റേയും, ബഹുജാതികൾക്ക് മാതാവായ സാറയുടേയും ഒക്കെ കുടുംബ ശ്മശാന ഭൂമി. ഏതൊരു പഴയനിയമ ഭക്തന്റെയും ശ്രേഷ്ഠ സ്വപ്നങ്ങളിൽ ഒന്ന്.

ദൈവത്തെ ആത്മാർത്ഥമായി സ്നേഹിക്കുന്നവർക്ക് നിർണ്ണയപ്രകാരം വിളിക്കപ്പെട്ടവർക്ക് അവിടുന്ന് സകലതും നന്മക്കായി കൂടി വ്യാപരിപ്പിക്കുന്നു.

# എന്റെ അമേരിക്ക; നിങ്ങളുടേതും ....

**തോമസ് മുല്ലയ്ക്കൽ.**



**കരണ്ടുകട്ടില്ലാത്ത, ബന്ദും ഹർത്താലുമില്ലാത്ത അനാവശ്യസമരങ്ങളില്ലാത്ത സ്വാതന്ത്ര്യഭൂമി. സുന്ദരമായ റോഡുകളും മുന്തിയ വാഹനങ്ങളുമുള്ള വിശാലമായ വൃത്തിയുള്ള നാട്. ജീവിതസൗകര്യങ്ങളേറെയുണ്ടെങ്കിലും വിശുദ്ധിയും ജീവന്റെ തുടിപ്പുമൊക്കെ അലിഞ്ഞില്ലാതാകുന്നതുപോലെ ഒരു തോന്നൽ.**

കുടിയേറ്റക്കാരുടെ സ്വപ്നഭൂമിയാണ് അമേരിക്ക. കാലാകാലങ്ങളിൽ വിവിധ സാഹചര്യങ്ങളിലൂടെ ഈ സ്വപ്നഭൂമി കൈവശമാക്കാനെത്തിയവർ ധാരാളമാണ്. ലോകത്തിന്റെ എല്ലാ കോണുകളിൽ നിന്നും ഭാഗ്യാന്വേഷികളായെത്തിയവരെ ഈ രാജ്യം ചതിച്ചിട്ടില്ല. വേണ്ടുവോളവും അതിലധികവും കൊടുത്തു. നേട്ടങ്ങളുടെ ഒരു പങ്കുപറ്റാൻ കേരളക്കരയിൽ നിന്നും ഏറെപ്പേരെത്തി. മനുഷ്യനെവിടെയുണ്ടോ അവിടെ മലയാളിയുമുണ്ട് എന്നാണല്ലോ ചൊല്ല്!.

സാമ്പത്തികനേട്ടങ്ങൾക്കൊപ്പം ധാരാളം അനുഭവങ്ങളും നമുക്ക് ഈ വിശാലമായ നാട് ദാനം ചെയ്തിട്ടുണ്ട്. കൂട്ടികുറച്ചെടുത്താൽ നഷ്ടങ്ങളും നേട്ടങ്ങളും പട്ടികയിൽ ധാരാളം ഉണ്ടാകും. പാരമ്പര്യങ്ങളും സംസ്കാരങ്ങളും പിറന്ന മണ്ണും എല്ലാം നഷ്ടങ്ങളുടെ കൂട്ടത്തിൽ ചേർക്കാം. ഒരു വട്ടം കൂടിയെങ്കിലും ഓർമ്മകൾ മേയുന്ന ഗ്രാമത്തിലെത്തി കിണറ്റിലെ തെളിവെള്ളം കുടിക്കാനും പുത്തരിച്ചോറിന്റെ സ്വാദ് നുണയാനും ആഗ്രഹിക്കാത്ത എത്ര മലയാളികളുണ്ടാകും? സമ്പത്തിന്റെ കണക്കുകൾ കൊണ്ടെന്നും ഗൃഹാതുരത്വത്തെ അടക്കിവയ്ക്കുനാവില്ല.

അമേരിക്ക നൽകിയ ഒരു പിടി അനുഭവങ്ങളുടെ നേർക്കാഴ്ചയാണിത്. കുറഞ്ഞ കാലയളവിനുള്ളിൽ ലഭിച്ച അർത്ഥം പൂർണ്ണമാണെന്നു തോന്നാവുന്ന കുറെ ഓർമ്മകൾ.

അമേരിക്കൻ മണ്ണിൽ ആദ്യം കാല്കുത്തുന്നത് അറ്റ്ലാന്റയിലാണ്. ഇമിഗ്രേഷനൊക്കെ കഴിഞ്ഞപ്പേഴേക്കും പോകേണ്ടിയിരുന്ന ഫ്ളൈറ്റ് ഡളളാസിലേക്ക് പറന്നുകഴിഞ്ഞു. അന്വേഷിച്ചപ്പോഴറിഞ്ഞു. ഇനിയുള്ള അവസാനത്തെ വിമാനത്തിൽ യാത്രക്കാർ മുഴുവനും നിറഞ്ഞ് അൽപസമയത്തിനുള്ളിൽ പുറപ്പെടാൻ പോകുകയാണെന്ന്. എന്തു ചെയ്യണമെന്നറിയാതെ നൽക്കുമ്പോൾ പ്രസ്തുത വിമാനത്തിലെ ജീവനക്കാരൻ പറഞ്ഞു. ഞങ്ങൾ ഒരാൾക്കു വേണ്ടി കാത്തിരിക്കുകയാണ്.

മുന്നു മിനിറ്റിനുള്ളിൽ അയാൾ എത്തിയില്ലെങ്കിൽ നിങ്ങൾക്ക് ഈ വിമാനത്തിൽ യാത്ര ചെയ്യാമെന്ന്. ദൈവം എനിക്ക് വേണ്ടി ഒരുക്കി മാറ്റി വെച്ചിരിക്കുന്ന സീറ്റ് സ്വന്തമാക്കാൻ മറ്റേ യാത്രക്കാരനായില്ല ! അയാം ഇൻ!

അങ്ങനെ 'ദൈവത്തിന്റെ സ്വന്തം നാട്ടി'ൽ നിന്ന് 'ദൈവത്തിൽ ആശ്രയിക്കുന്നു' എന്ന് ഉറക്കെ വിളിച്ചു പറയുന്ന നാട്ടിലെത്തി ജീവിതം ആരംഭിച്ചു.

കരണ്ടുകട്ടില്ലാത്ത, ബന്ദും ഹർത്താലുമില്ലാത്ത അനാവശ്യസമരങ്ങളില്ലാത്ത സ്വാതന്ത്ര്യഭൂമി. സുന്ദരമായ റോഡുകളും മുന്തിയ വാഹനങ്ങളുമുള്ള വിശാലമായ വൃത്തിയുള്ള നാട്. ജീവിതസൗകര്യങ്ങളേറെയുണ്ടെങ്കിലും വിശുദ്ധിയും ജീവന്റെ തുടിപ്പുമൊക്കെ അലിഞ്ഞില്ലാതാകുന്നതുപോലെ ഒരു തോന്നൽ.

### കാത്തിരിക്കുന്ന ചങ്ങലകൾ ........

അമേരിക്കയെന്ന വാക്ക് പണത്തിന്റെ പര്യായമാണ് ലോകത്തിന്. ജോലിസൗകര്യങ്ങളും ജീവിത നിലവാരവും വച്ചു നോക്കിയാൽ ഏറെ ശരിയുമാണത്. അനേക ചങ്ങലകളിൽ മനുഷ്യനെ തളച്ചിട്ടിരിക്കുകയാണെന്നാരറിയുന്നു. കുടിക്കുന്ന വെള്ളത്തിനു മുതൽ കിടക്കുന്ന ഇടത്തിനു വരെ കടക്കാരനാണ് നമ്മൾ. വീടുവാങ്ങിയാൽ പതിനഞ്ചോ മുപ്പതോ ആണ്ടു നീളുന്ന വലിയ ചങ്ങല. കാറിന്റെ മറ്റൊരു ചങ്ങല, കറണ്ടിന്റേയും വെള്ളത്തിന്റേയും ഗ്യാസിന്റേയും ഫോണിന്റേയുമൊക്കെ പ്രത്യേകം കാര്യങ്ങൾ, അനുദിനം വർദ്ധിച്ചുവരുന്ന ജീവിതച്ചിലവുകളുടെ കനത്തകണ്ണുകൾക്കു പുറമേ 'നികുതി' എന്ന ഡയോക്ലീഷ്യന്റെ വാളും തലയ്ക്കു മുക

‘മക്കൾക്ക് അമ്മച്ചിയെ വലിയകാര്യമാണ്. അല്ലേ?’ ഞാൻ ചോദിച്ചു. വളരെ നാളത്തെ പരിചയമുണ്ടായിരുന്നതുകൊണ്ട് ഒരു മകനോടെന്നതുപോലെ അവർ തുറന്നു പറഞ്ഞു. സ്നേഹം കൊണ്ടൊന്നുമല്ല, അവരുടെ വീട്ടുജോലി ചെയ്യിക്കാനും വീടുവൃത്തിയാക്കാനുമൊക്കെ വേണ്ടീട്ടാണ് തവണയായി കൊണ്ടുപോകുന്നതെന്ന്! കരച്ചിലിന്റെ വക്കോളമെത്തിയ അവരോട് ഞാൻ പറഞ്ഞു. ‘ഇതാണമ്മച്ചീ വളർത്തുഗുണം’



ളിലുണ്ട്. മരണം കൊണ്ടേ ഈ ചങ്ങല കളൊക്കെ മാറുകയുള്ളൂ. എങ്കിലും മരണാനന്തരചടങ്ങ് (Funeral) എന്ന വലിയ ഒരു ചങ്ങല ജീവിച്ചിരിക്കുന്നവരെ അണിയിച്ചേ യാത്ര പറയൂ എന്നു മാത്രം.

### കാർഡും, കാഷും, കാറും..........

ഈ മൂന്നു ‘ക’ കളാണ് ലിങ്കന്റെ നാട് ഭരിക്കുന്നതെന്നു പറഞ്ഞാൽ അതിശയമില്ല. കാർഡിൽ തുടങ്ങാം – ആദ്യം ഗ്രീൻ കാർഡ്, പിന്നെ സോഷ്യൽ സെക്യൂരിറ്റി കാർഡ്, ലൈസൻസ് കാർഡ്, ഇൻഷ്വറൻസ് കാർഡ്, ക്രെഡിറ്റ് കാർഡ്, ഡെബിറ്റ് കാർഡ്, ഡിസ്കൗണ്ട് കാർഡ് തുടങ്ങി പേഴ്സ് നിറയെ കാർഡുകൾ. കാർഡുകൾ മനുഷ്യനെ കടക്കാരനാക്കുമ്പോൾ രക്ഷപ്പെടുത്താൻ കാഷു വേണ്ടേ! കാഷിന് ജോലിയെടുക്കണം. ജോലിക്ക് പോകണമെങ്കിൽ മറ്റൊരു ‘ക’ വേണം! കാറ്. ഓരോ ദിവസം കഴിയുമ്പോഴും ഇവയിൽ ഏതെങ്കിലുമൊരു ‘ക’ യിൽ തൊടാതെ ജീവിതത്തെപ്പറ്റി ചിന്തിക്കുകയേ വേണ്ട! കഴിവും ‘ക’ രിയറുമുണ്ടെങ്കിൽ ‘കഥ’ ‘ക’ ഴിയാതെ‘ക’ഴിച്ചുകൂട്ടാം! ‘ക’ലി ‘കാ’

### വൈഫ് നഴ്സാണോ.......

അമേരിക്കയിലെത്തിയതിനുശേഷം ഒരായിരം വട്ടം കേട്ട ചോദ്യമാണ് വൈഫ് നഴ്സാണോ? എന്ന്. ‘അതെ’ എന്നാണുത്തരമെങ്കിൽ ‘എലൈറ്റ് ക്ളബിൽ’ ചേർക്കും. വലിയ കുഴപ്പമില്ലാതെ പോകുന്ന പ്രവാസിയെന്നർത്ഥം. എന്റെ കണക്കുകൂട്ടലിൽ എൺപതുശതമാനം മലയാളി വൈഫുമാരും നഴ്സുമാരായിരിക്കും. മലയാളികളുടെ സമ്പാദ്യത്തിലെ ഭൂരിഭാഗവും ഉണ്ടാക്കുന്ന ‘നൈറ്റിംഗേളുമാർക്ക്’ ഒത്തിരി നന്ദി!

### കാര്യസാദ്ധ്യത്തിനായൊരു ദൈവസേവ!

പണത്തിനാണെങ്കിൽ ജോലി ചെയ്യാം, വീടുവേണമെങ്കിൽ മോർട്ട്ഗേജ് കമ്പനി സഹായിക്കും, രോഗം വന്നാൽ ഇൻഷ്വറൻസുണ്ട്. ഇത്രയുമൊക്കെ കാര്യത്തിനായാണ് ശരാശരി മനുഷ്യർ ദൈവത്തെ വിളിക്കുന്നത്. പിന്നെ കൂടുതൽ കിട്ടാനും ഉള്ളത് പോകാതിരിക്കാനും ദൈവത്തെ വിളിക്കാം. ആത്മരക്ഷയും നിത്യജീവനുമൊക്കെ ഏതാണ്ട് ചുരുക്കം പേർക്ക് താൽപര്യമുള്ള വിഷയമാണ്. ചുരുക്കത്തിൽ അധികം ആവശ്യമൊന്നും ദൈവത്തെ കൊണ്ടില്ലാത്തതുകൊണ്ട് പലർക്കും ഭക്തി ഒരു ചടങ്ങും ആത്മീയവേഷം കെട്ടലും മാത്രമാണെന്നത് പരമാർത്ഥം. ആത്മാർത്ഥമായി ദൈവത്തെ വിളിക്കുന്നവർ ചുരുക്കമാണെങ്കിലും അവർക്ക് വംശനാശം സംഭവിച്ചിട്ടില്ല.

### അൽപ്പത്തിന് വിശ്വസ്തൻമാർ ...........

ഒരു നേരം ഇവിടെ കുടുംബമായി പുറത്തു പോയി കഴിക്കുന്ന പണമുണ്ടെങ്കിൽ കേരളത്തിൽ ഒരു കുടുംബത്തിന് ഒരു മാസം തള്ളിനീക്കാൻ ധാരാളം. ദൈവം നമ്മുടെ കരത്തിൽ തന്നിരിക്കുന്ന ധനത്തിന്റെ വില തിരിച്ചറിഞ്ഞ പലരും ഇന്ത്യയിൽ ജീവകാരുണ്യ പ്രവർത്തനങ്ങളിലും സുവിശേഷ വേലയിലും സജീവമാണെന്നത് സന്തോഷം നൽകുന്ന വാർത്തയാണ്. വലംകൈ ചെയ്യുന്നത് ഇടംകൈ അറിയരുതെന്ന് നിർബന്ധമുള്ള അനേകരെയറിയാം. ഒരു ജോലി സ്വന്തം ചെലവിനും, മറ്റൊരു ജോലി സുവിശേഷപ്രവർത്തിനായും ചെയ്യുന്നവരുണ്ട്. ശാരീരികക്ഷീണം മറന്ന് ഓവർടൈം ചെയ്യുന്ന ധാരാളമാളുകൾ ഭാരതത്തിലെ സാധുക്കളെ സഹായിക്കുന്നുമുണ്ട്. ദൈവം ഏൽപ്പിച്ച അൽപം കാര്യത്തിൽ വിശ്വസ്തരായ അവരെ അധികം കാര്യങ്ങൾക്ക് വിചാരകരാക്കും എന്നതിന് സംശയം വേണ്ട!

### അവസരവാദികൾ!

ഓരോ അവസരത്തിനൊത്തു നിൽക്കുന്നവരല്ല മറിച്ച് അവസരത്തിനു വേണ്ടി സദാ വാദിച്ചു നിൽക്കുന്നവരെയാണ് ഞാൻ ഇവിടെ അവസരവാദികൾ എന്ന് വിളിക്കുന്നത്! അവസരങ്ങളുടെ ഈ നാട്ടിൽ പ്രസംഗിക്കാനോ സഭയിൽ ശുശ്രൂഷിക്കാനോ ഒക്കെഅവസരം നോക്കി നിൽക്കുന്ന പാസ്റ്റർമാരെയും ബൈബിൾ സ്കൂൾ ഗ്രാഡുവേറ്റ്സിനെയുമാണ് ആ ഗണത്തിൽപ്പെടുത്തിയിരിക്കുന്നത്. കേരളത്തിലായിരുന്നപ്പോൾ ഒന്നിരിക്കാൻ പോലും സമയമില്ലാതിരുന്ന അനേക സുവിശേഷകേസരികൾ കുഞ്ഞാടിനെപ്പോലെ ഇരിക്കുന്ന കാഴ്ച തികച്ചും ശോചനീയമാണെന്നതിന് സംശയമില്ല. തങ്ങളുൾപ്പെട്ട സഭയിലെ ശുശ്രൂഷകന്റെ ഔദാര്യത്തിൽ നിന്നു കിട്ടുന്ന ഒരവസരമാണ് പലർക്കും ശുശ്രൂഷതെളിയിക്കാനുള്ള അവസരം. ഏതെങ്കിലും വിശ്വാസി പാരപണിതാൽ അതും പോയിക്കിട്ടും! തുല്യദു:ഖിതനായ ഞാൻ കഴിഞ്ഞ ദിവസം ഒരു സുഹൃത്തിനോട് ‘സഭയിൽ ശുശ്രൂഷയ്ക്ക് അവസരം കിട്ടുമോ? എന്നു ചോദിച്ചു. രസകരമായ മറുപടിയായിരുന്ന ഉത്തരം. ‘നാട്ടിൽ സെന്റ്ർ പാസ്റ്ററായിരുന്ന വ്യക്തിക്ക് കഴിഞ്ഞവർഷം പ്രാർത്ഥിക്കാനൊരവസരം കിട്ടിയത്. പിന്നെ ഓർഡിനേഷൻ പോലുമില്ലാത്ത എനിക്കെന്തു പരാതി! ‘അവസരവാദികളെ നിങ്ങൾക്ക് കഷ്ടകാലം!

### വളർത്തുഗുണം........

ഞാൻ മുൻപ് ജോലി ചെയ്തിരുന്ന സ്ഥാപനത്തിന്റെ ഡോർക്രീറ്റർ ഫിലിപ്പീൻകാരിയായ ഒരു മാതാവാണ്. എഴുപതിന് മുകളിൽ പ്രായമുണ്ട്. ജോലിയ്ക്ക് വന്നിട്ട് കൊണ്ടുവിടുന്നതും കൊണ്ടുപോകുന്നതും മക്കളോ സ്നേഹിതരെ ആയിരിക്കും. രണ്ടു പെൺമക്കളും നഴ്സാണ്. ആഴ്ചയിൽ നാലു ദിവസം ഒരാളുടെ കൂടെയും മറ്റു മൂന്നു ദിവസം മറ്റൊരാളിലൂടേയും കൂടെയാണ് താമസം.

‘മക്കൾക്ക് അമ്മച്ചിയെ വലിയകാര്യമാണ്. അല്ലേ?’ ഞാൻ ചോദിച്ചു. വളരെ നാളത്തെ പരിചയമുണ്ടായിരുന്നതുകൊണ്ട് ഒരു മകനോടെന്നതുപോലെ അവർ തുറന്നു പറഞ്ഞു. സ്നേഹം കൊണ്ടൊന്നുമല്ല, അവരുടെ വീട്ടുജോലി ചെയ്യിക്കാനും വീടുവൃത്തിയാക്കാനുമൊക്കെ വേണ്ടീട്ടാണ് തവണയായി കൊണ്ടുപോകുന്നതെന്ന്! കരച്ചിലിന്റെ വക്കോളമെത്തിയ അവരോട് ഞാൻ പറഞ്ഞു. ‘ഇതാണമ്മച്ചീ വളർത്തുഗുണം’. ആ മക്കൾ അമേരിക്കയിലെത്തിച്ചേരാനായി കഷ്ടപ്പെട്ടും പ്രാർത്ഥിച്ചും ഉപവസിച്ചും ദിനങ്ങൾ തള്ളിനീക്കിയ എത്ര മാതാപിതാക്കൻമാരുടെ മക്കൾ അമേരിക്കയിലെത്തിയിട്ട് അവരുടെ മരണത്തിനു പോലും കുടുംബമായി പോകാനാകാതെ തളയ്ക്കപ്പെട്ടു കിടക്കുമ്പോൾ നമ്മളും കുറ്റവിമുക്തരാകുന്നില്ല.

അനുഭവങ്ങൾക്കിവിടെ വിരാമം കുറിക്കുമ്പോൾ അനുഭവിച്ച നന്മകൾക്ക്, ദൈവത്തിന് നന്ദിയർപ്പിക്കാതെ നിർത്താനായില്ല.

അനുഭവങ്ങൾക്കിവിടെ വിരാമം കുറിക്കുമ്പോൾ അനഭവിച്ചനന്മകൾക്ക് ദൈവത്തിന് നന്ദിയർപ്പിക്കാതെ നിർത്താനാകില്ല.

പറഞ്ഞു തീരാത്ത ദാനം നിമിത്തം ദൈവത്തിന് ഒരായിരം സ്തോത്രം!.


## DO you want to write?

**Your articles, featuring, discussions, arguments, letters are welcome to Bodhi Magazine.**

**Pease send it to bodhimagazine@gmail.com with your passport size photo and contact details. Our editors will assess your writings and will publish the selected matters in the Bodhi magazine.**

ബോധിമാഗസിൻ

# ആഗോള താപനം നമുക്കു ചുറ്റും ഉയർത്തുന്ന വെല്ലുവിളികൾ





സിബി റ്റി. മാത്യു

**ആൽപ്സിലെ മഞ്ഞുപാളികൾ മുതൽ അന്റാർട്ടിക്‌വരെ ഹിമ മുരുകുന്നു.**

**ആന്റേഴ്സ് മുതൽ ഹിമാലയം വരെ മഞ്ഞുമലകൾ താപത്താൽ അപ്രത്യക്ഷമാകുന്നു. താപനം മൂലം കാലം തെറ്റിയ കാലാവസ്ഥ, വെള്ളപ്പൊക്കം, സുനാമി ഹരിക്കെയിൻസ്, തുടങ്ങിയ വിനാശങ്ങൾ.**

**ഫിജി, വനുവാത്ത്, സോളമൻ ഐലന്റ് കിരിബതി, മാലി ദ്വീപ് തുടങ്ങിയ ദ്വീപുകൾ കടൽകയറ്റ ഭീഷണിയിൽ ........തീര പട്ടണങ്ങളിലെ 100 മില്യൻ ജനങ്ങൾ പ്രകൃതിയുടെ കലിതുള്ളലിൽ ഉടൻ ബലിയാടാകാൻ സാദ്ധ്യത.**

**ഭൂമി പൊട്ടിക്കീറിപ്പോകുമെന്ന് വേദപുസ്തകം.**

ഉഗ്രതാപത്താൽ ഭൂമിചുട്ടുപഴുത്ത്. കലിപൂണ്ട കാലാവസ്ഥയുമായി ഉറഞ്ഞു തുള്ളുമ്പോഴും, പരിസ്ഥിതി ശാസ്ത്രജ്ഞർ ആഗോളതപനമോ (Global warming) ആഗോള ശിഥിലീകരണമോ (Ice age)? ഏതാണീ ഭൂമി നേരിടാൻ പോകുന്ന കൊടും വിപത്ത് എന്ന തർക്കത്തിലാണ്. ഇരുപക്ഷവും ഒരുപോലെ സമ്മതിക്കുവാൻ സാദ്ധ്യതയുള്ള ഒന്ന്, കാലവസ്ഥയിൽ ഉണ്ടായിട്ടുള്ള അസന്തുലിതാവസ്ഥയും അതു വരുത്തിവയ്ക്കുന്ന അതിരൂക്ഷമായ പ്രത്യാഘാതങ്ങളുമാണ്. എന്തിനേയും നിയന്ത്രിക്കുവാൻ പോരുന്ന ലോകരാഷ്ട്രങ്ങൾ അനിയന്ത്രിതമായ പ്രകൃതിയുടെ കനത്ത തിരച്ചടിക്ക് മുമ്പിൽ മുട്ടുമടക്കുമ്പോൾ 'ഗ്ലോബൽ വാമിങ്' ഗൗരവമായി ചർച്ചചെയ്യപ്പെടുന്നു.

### പിന്നാമ്പുറങ്ങളിൽ.

